LIBRARY ARCHIVES Kerala Legislative Assembly

ഭവന നിർമ്മാണ ബോർഡ് വായ്പാ പലിശയിൽ ഇളവ്

155 (7991) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിൽ നിന്നും കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോഴും നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഭവന നിർമ്മാണ ബോർഡിൽ നിന്നുള്ള വായ്പയുടെ പലിശ ഇളവ് നൽകുന്നത് ഏതു വർഷം വരെയുള്ളവർക്കാണെന്ന് വ്യക്തമാക്കുമോ ;

(സി) വായ്പ എടുത്തിട്ടുള്ളവർ മരണപ്പെട്ടാൽ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കപ്പെടുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി) ഭവന നിർമ്മാണ ബോർഡിൽ നിന്നുള്ള വായ്പകൾക്ക് പലിശ ഇളവ് അനുവദിച്ചിട്ടില്ല. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പിഴപ്പലിശ, വീഴ്ചപ്പലിശ ഇനത്തിലുള്ള ഇളവുകൾ എല്ലാ വായ്പകൾക്കും ബാധകമാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 30-6-2014-ൽ അവസാനിച്ചു.

(സി) വായ്പക്കാരൻ മരണപ്പെട്ടാൽ ബാദ്ധ്യതയിൽനിന്നും ഒഴിവാക്കപ്പെടില്ല. മരണപ്പെട്ട വായ്പക്കാരന്റെ അനന്തരാവകാശികൾ ബോർഡിന്റെ ബാദ്ധ്യത തീർക്കാത്തപക്ഷം വായ്പക്കാരൻ ബോർഡുമായി ഏർപ്പെട്ട പണയാധാരത്തിലെ വ്യവസ്ഥകൾ പ്രകാരം റവന്യൂ റിക്കവറി നടപടികളിലൂടെ ബോർഡിന്റെ കുടിശ്ശിക ഈടാക്കുന്നതാണ്.

കൊട്ടാരക്കര മണ്ഡലത്തിൽ സാഫല്യം ഭവന പദ്ധതിപ്രകാരം നിർമ്മിച്ച വീടുകൾ

156 (7992) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ സാഫല്യം ഭവനപദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2013-14 സാമ്പത്തികവർഷം കൊട്ടാരക്കര മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് അനുമതി നൽകിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങളും ഭവനനിർമ്മാണത്തിന്റെ പുരോഗതിയും ലഭ്യമാക്കുമോ ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ സാഫല്യം ഭവന പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി) ഉത്തരം (എ)യുടെ വെളിച്ചത്തിൽ ബാധകമല്ല.

മാവേലിക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച വീടുകൾ

157 (7993) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭവനനിർമ്മാണവകുപ്പിൽ നിന്നും മാവേലിക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച വീടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ലഭിച്ച അപേക്ഷകൾ എത്രയെന്ന വ്യക്തമാക്കുമോ ;

(സി) ഭവനനിർമ്മാണ വകുപ്പ് നടപ്പിലാക്കിയ 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നിലവിലുണ്ടോയെന്ന വ്യക്തമാക്കുമോ ;

(ഡി) 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയുടെ നിബന്ധനകൾ വിശദമാക്കുമോ ;

(ഇ) ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ ഭവന നിർമ്മാണ ബോർഡിൽനിന്നും വീടുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

(ബി) അപേക്ഷകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(സി) ഇപ്പോൾ നിലവിലില്ല. നിലവിലുണ്ടായിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 30-6-2014-ൽ അവസാനിച്ചു.

(ഡി) 7-2-2004 മുതൽ ബോർഡിൽ നടപ്പിലാക്കി വരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വിവിധ ഉത്തരവുകളിലായി ദീർഘിപ്പിച്ച് അവസാനമായി 1-3-2014-ലെ സ.ഉ. (എംഎസ്.) 4/2014/ഭവനം പ്രകാരം 1-1-2014 മുതൽ 30-6-2014 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം വായ്പാ/ഹയർ പർച്ചേയ്സ് ഗുണഭോക്താവിന് ഇനിപറയും പ്രകാരം ഇളവ് നൽകിയിരുന്നു. താഴ്ന്ന (LIG)/ഇടത്തരം (MIG) വരുമാന

LIBRARY ARCHIVES Kerala Legislative Assembly